# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3973 24.08.2017-ൽ മറുപടിക്ക്

**മൃഗശാല സംരക്ഷിക്കുവാൻ നടപടി**

ചോദ്യം

ശ്രീ. പി.ഉബൈദുള്ള

മറുപടി

ശ്രീ. കെ.രാജു

(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മൃഗങ്ങൾക്ക് ശരിയായ പരിചരണങ്ങൾ നൽകാതെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താതെയുമുള്ള അനാസ്ഥമൂലം തലസ്ഥാന നഗരിയിലെ മൃഗശാല നശിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | തലസ്ഥാന നഗരിയുടെ തിലക ച്ചാർത്തായി ഗവേഷകർക്കും വിനോദ സഞ്ചാരികൾക്കും ഒരു പോലെ ഉപകാരപ്പെടുന്ന മൃഗശാലാ സംരക്ഷിക്കു വാൻ സത്വര നടപടികൾ സ്വീകരിക്കുമോ?; | (ബി) | തലസ്ഥാന നഗരിയിലെത്തുന്ന വിനോദ സഞ്ചാരി കൾക്കും, ഗവേഷകർക്കും ഉപകാരപ്പെടുന്ന രീതിയിൽ മൃഗശാല ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി 20 വർഷത്തെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങി മൃഗങ്ങൾക്ക് വേണ്ടി പരിബന്ധനങ്ങളുടെ നിർമ്മാണം, സന്ദർശകർക്കായി ഇന്റർപ്രട്ടേഷൻ സെന്റർ, സ്ത്രീ സൗഹാർദ്ദപരമായ ടോയ്‌ലറ്റ്, വിശ്രമ മുറി എന്നിവയുടെ നിർമ്മാണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ